# ജീവിതം പടർത്തുന്ന വേരുകൾ - BT-10

> സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം
> സ്നേഹത്താൽ വൃദ്ധി തേടുന്നു.
> — കുമാരനാശാൻ

ഗോത്രങ്ങളും, കൂട്ടുകുടുംബങ്ങളായും അണുകുടുംബമായും ഒക്കെ ജീവിക്കുമ്പോഴും പരസ്പരസ്നേഹത്തിന്റെ കണ്ണി അറ്റുപോകാതിരിക്കാൻ നമ്മുടെ മുൻതലമുറ ശ്രമിച്ചുകൊണ്ടേയിരുന്നു. എല്ലാ ഇല്ലായ്മകളും സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും വാതിലിലൂടെ അവർ പകുത്തുവച്ചു. എന്നാൽ വർത്തമാനകാലത്ത് മനുഷ്യൻ അവനിലേക്ക് തന്നെ ചുരുങ്ങുകയും സ്വന്തം സുഖസൗകര്യങ്ങൾ ലക്ഷ്യമാക്കി പ്രവർത്തിക്കുകയും ചെയ്യുന്നു.

* കുടുംബബന്ധങ്ങളിൽ സംഭവിക്കുന്ന വിള്ളലുകൾ.
* എല്ലാ സുഖസൗകര്യങ്ങളും ഒരു ബട്ടണമർത്തുമ്പോൾ ലഭിക്കുന്ന തരത്തിൽ നവലോകം മാറുമ്പോൾ ആധുനിക സാങ്കേതികവിദ്യകൾ കൂട്ടും കൂട്ടവുമില്ലാതെ ഒറ്റപ്പെട്ട മുറികളിൽ അവനെ തളച്ചിടുമ്പോൾ മാനവികതയുടെ (മനുഷ്യത്വത്തിന്റെ) വെൺമ അവന് അന്യമായിക്കൊണ്ടിരിക്കുന്നു. തനിക്ക് ചുറ്റുമുള്ളവരെ കണ്ടിട്ടും കാണാതെ ജീവിക്കുന്നു. നന്മ, കരുണ, സ്നേഹം എന്നീ ആർദ്രഭാവങ്ങൾ യാന്ത്രികതയുടെ ചൂടിൽ വറ്റിവരളുന്നു. മനുഷ്യവർഗത്തെ സർവനാശത്തിലേക്ക് നയിക്കുന്ന ഈ പ്രവണത പുതുതലമുറ ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. അച്ഛനമ്മമാരേയും സഹോദരങ്ങളേയും സ്നേഹിക്കാനും സഹായിക്കാനും സംരക്ഷിക്കാനുമുള്ള ഒരു മനസ്സ് പുതുതലമുറയിൽ രൂപപ്പെടേണ്ടതുണ്ട്. സ്വജനത്തെപ്പോലെ സമൂഹത്തെയും പ്രകൃതിയേയും സ്നേഹിക്കാൻ കഴിയണം.

വേരുകൾ ; പി. വിനയചന്ദ്രൻ — വൃക്ഷങ്ങളൊക്കെ വീഴാതെ നിൽക്കുന്നത് എന്തുകൊണ്ടെന്ന മകന്റെ ചോദ്യത്തിന് അവക്ക് ഭൂമിയിൽ വേരുകൾ ഉള്ളതിനാലാണെന്ന് അമ്മ മറുപടി പറയുന്നു.

* വേരുകളും വൃക്ഷവും ഭൂമിയും തമ്മിലുള്ള ബന്ധം.
* ബന്ധമറ്റുപോകുമ്പോൾ എത്രവലിയ വൃക്ഷവും അടിതെറ്റി വീഴും.
* മനുഷ്യന്റെ നിലനിൽപ്.
* അമ്മയോടുള്ള / ഭൂമിയോടുള്ള കുട്ടിയുടെ സ്നേഹം.
* ഈ ബന്ധത്തിന് വിള്ളൽ വീഴുമ്പോൾ സംഭവിക്കുന്നത്

വേരുകൾ
അർത്ഥസാധ്യതകൾ
സ്നേഹം, സഹകരണം, വിശ്വാസം, ദയ, കാരുണ്യം, സഹവർത്തിത്വം
↓
മുന്നോട്ട് നയിക്കുന്നത്
→ ജീവിതം കെട്ടിപ്പടുക്കാൻ പ്രേരിപ്പിക്കുന്നത്.
→ ജീവിതത്തെ ഉദാത്തവും പവിത്രവുമാക്കുന്നത്.
→ ജീവിതം പടർന്ന് പന്തലിക്കുന്നത്

## പ്ലാവിലക്കഞ്ഞി

തകഴി ശിവശങ്കരപ്പിള്ള - രണ്ടിടങ്ങഴി 17-ാം അധ്യായം.

കുട്ടനാടിന്റെ ഹൃദയഭൂമിയാണ് തകഴി. വെള്ളം കെട്ടിനിൽക്കുന്ന നെൽപ്പാടങ്ങളും തെങ്ങിൻതോപ്പുകളും നിറഞ്ഞ തുരുത്തുകൾക്കിടയിൽ പണിയെടുക്കുന്ന പുലയരും പറയരും അവരുടെ യജമാനന്മാരായ ജന്മികളും നിവസിക്കുന്ന പ്രദേശം.

പ്ലാവിലക്കഞ്ഞി – പ്ലാവിലയിലെ കഞ്ഞി

കുട്ടനാട്ടിലെ കർഷകത്തൊഴിലാളികളുടെ ജീവിതം സൂചിപ്പിക്കുന്ന ശീർഷകം. പകലന്തിയോളം പണിയെടുക്കാൻ വിധിക്കപ്പെട്ട തൊഴിലാളി ഒരിറ്റു കഞ്ഞിവെള്ളം പോലും കിട്ടാതെ കൊടിയ ദാരിദ്ര്യത്തിൽ കഴിയുന്ന ദയനീയചിത്രം ഇതിൽ കാണാം. ജന്മിമാരുടെ മക്കൾ സുഖലോലുപമായ ജീവിതം നയിക്കുമ്പോൾ പ്ലാവിലക്കോട്ടി വറ്റുകൾ കുറഞ്ഞ കഞ്ഞികോരിക്കുടിക്കേണ്ട അവസ്ഥയാണ് തൊഴിലാളിവർഗത്തിന്റേത്.

### പ്രധാനാശയങ്ങൾ

* "തമ്പ്രാ എനിക്കു നെല്ലു കൂലി മതി. ചക്രം വേണ്ട". കോരൻ പറയുന്നു. അത്താഴക്കരിക്കാടിക്ക് നെല്ല് കിട്ടിയെങ്കിലേ കഴിയൂ. പൈസ കൂലിയായി കിട്ടിയിട്ട് കാര്യമില്ല. പൈസ കൊടുത്താലും നെല്ല് (അരി) കിട്ടാനില്ലായിരുന്നു.
* രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്?

- കോരനിലെ വിപ്ലവചിന്ത - രാത്രിയിൽ രഹസ്യമായി ജന്മിമാർ നെല്ല് മറിച്ചുവിൽക്കുന്നതു കണ്ടിട്ട് അയാൾ ചിന്തിക്കുന്നത്. അത്താഴത്തിനുള്ള നെല്ലു നൽകാതെ പൈസ കൂലി നൽകിയിട്ട്. ജന്മിമാർ നെല്ല് മറിച്ചുവിൽക്കുന്നു. കോരന്റെ പ്രതിഷേധം. (സൂചന)

* അതെന്തൊരു അക്ഷന്തവ്യമായ (ക്ഷമിക്കാൻ പറ്റാത്ത) അപരാധമാണ്. ഒരു തരത്തിലും ആ തെറ്റ് സ്വീകരിക്കാവുന്നതല്ല — അപ്പനെ ഒറ്റയ്ക്കാക്കി പെണ്ണുമായി പൊറുത്തത്.

യങ്ങളാണ് ഒരു കുറുകുറുമ്പോടെ അവിടെ വലിച്ചുകഴിയുന്നത് – അപ്പന്റെ ജീവിതം, ജന്മിയുടെ ഭൂമിയിൽ കഠിനാധ്വാനം, 100 പറ വിത്തിന്റെ നിലം – ചൂഷണം, അടിമത്തം ദാരിദ്ര്യം – നിരാലംബരായ കർഷകരുടെ ജീവിത സാഹചര്യം അവസാന നാളുകൾ.

* ജീവിതത്തിലെ ഇല്ലായ്മകളെ സ്നേഹം കൊണ്ട് അതിജീവിക്കുകയാണ് രണ്ടിടങ്ങഴിയിലെ കഥാപാത്രങ്ങൾ ചെയ്യുന്നത് – കോരൻ, അധ്വാനം, ചിരുത, കാത്തിരിപ്പ്, ഭക്ഷണം, കോരന് വേണ്ടിയുള്ള കരുതൽ, അപ്പനെ ഊട്ടുന്നത്, അപ്പന്റെ അവസ്ഥയിൽ സങ്കടം – മകനെ തേടിയെത്തുന്ന അപ്പൻ.

* കുട്ടനാട്ടിലെ കർഷകത്തൊഴിലാളികളുടെ ഭാഷയാണ് രണ്ടിടങ്ങഴി എന്ന നോവലിനെ ആസ്വാദ്യമാക്കുന്നത് – എങ്ങനെയെല്ലാം?

– വാമൊഴി ഭാഷയുടെ തനിമ – സൗന്ദര്യം, ഗ്രാമീണത, വൈകാരികത – നാട്ടുവഴക്ക ഭാഷയുടെ

എനക്കു വേണ്ട, എന്നാല് എനക്കും കുടിക്കത്തില്ല. എനക്ക് വയറ്റില് ഒരു കമ്പിതൊട്ടി" അവൻ – കുഴക്കരിയിട്ട് തെളപ്പിച്ചു – എന്നാ അതു കുടിച്ചത്, അവളു കുടിച്ചില്ല.

എനക്കു കോരിത്തന്നു. അച്ഛൻ ചുമ്മാ പറയുവാ, എനക്കും കുടിച്ചു.

തമ്പ്രാ എനക്ക് നെല്ല് കൂലി മതി. ചക്രം വേണ്ട.

അപ്പച്ചാ നെല്ല് വെളുപ്പിക്കാനിക്കത്തില്ല. ഇന്നലെ അറണ കൊടുത്ത് നാഴി അരിമേടിച്ചു. ഇന്നിപ്പം ഇരുനാഴിയൊണ്ട്.

ഇത് കഞ്ഞികുടിക്കുന്നെന്ന ഭാവമേ ഉള്ളു. അല്ലെടി എൻ കുടിക്കുവാ.

എടീ കള്ളീ! നീയിത് ഒളിച്ചുവച്ചിരുന്നോ? എന്തിനായിത്? നാഴി അരി അല്ല്യോ വച്ചൊള്ളു – നീ കുടി.

രണ്ടിടങ്ങഴിയിൽ കുട്ടനാടൻ കർഷകത്തൊഴിലാളികളുടെ ജീവിതമാണ് അവരുടെ ഭാഷതന്നെയാവണം അവിടെ സ്വീകരിക്കേണ്ടത്. ഓരോ ദേശത്തിന്റെയും ജീവിതങ്ങൾ സാഹിത്യകൃതികളിൽ ആവിഷ്കരിക്കപ്പെടുമ്പോൾ ദേശത്തിന്റെ ഭാഷ കടന്നുവരുന്നു. അത് കൃതിയെ കൂടുതൽ ആസ്വാദ്യമാക്കുന്നു.

നോവലിലെ സാമൂഹ്യാവസ്ഥ – ജന്മിത്തം, ചൂഷണം, അടിമത്തം, ദാരിദ്ര്യം കരിഞ്ചന്ത വില്പന, ജന്മി – കുടിയാൻ വ്യവസ്ഥ (ഉടയോൻ – അടിയോൻ)

പദം പിരിച്ചെഴുതുക.

- പ്ലാവിലക്കഞ്ഞി – പ്ലാവില + കഞ്ഞി
- ഒരേക്കർ – ഒരു + ഏക്കർ
- രാത്രിയിൽ – രാത്രി + ഇൽ
- പട്ടിണിക്കാലം – പട്ടിണി + കാലം

ഒറ്റവാക്യമാക്കുക.

. അപ്പനും മകനും കെട്ടിപ്പിടിച്ചു. ആ കാഴ്ച നോക്കി നിന്ന ചിരുത ആനന്ദിച്ചു.

വിഗ്രഹിച്ചെഴുതുക (സമാസം)

- കുഴക്കരി – കുഴക്ക് അരി.
- ചീത്തപ്പേര് – ചീത്തയായ പേര്.
- ചക്കക്കറി – ചക്കയുടെ കറി.
- നെല്ലുവില – നെല്ലിന്റെ വില

— സ്വരാജ് (signature)
അമ്പിളി
9562521509